പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3699 19/02/2013 - ൽ മറുപടിക്ക്

## ഫിഷറീസ് വകുപ്പിന്റെയും തീരദേശ വികസന കോർപ്പറേഷന്റെയും കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ (സി.എ.ഡി.സി) മുഖേനയും കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര എന്നും വിശദമാക്കുമോ ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആകെ 200.06 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കുടിവെള്ള പദ്ധതി, സാനിട്ടേഷൻ, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി കഴിഞ്ഞു. ഇതു കൂടാതെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറിൽ ഉൾപ്പെടുത്തി നിലവിലെ കൊയിലാണ്ടി പി.എച്ച്.സി.യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നു. ഇതിന് 20.52 ലക്ഷം രൂപയാണ് അടങ്കൽ തുക. |
| (ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ ; | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയ്ക്കും പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും |

പ്രാരംഭ നടപടികൾ പൂർത്തികരിക്കുകയും ചെയ്തു കഴിഞ്ഞു. തീരദേശ വികസന കോർപ്പറേഷന് ഫണ്ട് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) 2013 - 14 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തു:തിന് കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൽകാൻ ഉദ്ദേശിക്കുന്ന പ്രൊപ്പോസലിൽ ഏതെല്ലാം പ്രവൃത്തികളും പദ്ധതികളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിന് പ്രയോജനം ലഭിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ച ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ എന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ?

(സി)
(ഡി) വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ